**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 194** **14-07-2016-ൽ മറുപടിയ്ക്ക്**

# സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. അബ്ദുറഹിമാൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. കെ. ആൻസലൻ :<br>ശ്രീ. ജോർജ്ജ്. എം. തോമസ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) ഉണ്ട്. 2016 ഫെബ്രുവരി 13-ന് 24x7 power for all എന്ന പദ്ധതിയ്ക്കായി ഒരു സംയുക്ത പ്രഖ്യാപനത്തിൽ ഒപ്പു വച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ അനുവദിച്ച സഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) പ്രസ്തുത പദ്ധതിക്ക് പ്രത്യേകമായി കേന്ദ്ര സഹായം ലഭ്യമല്ല. |
| (സി) പ്രസ്തുത കരാർ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; | (സി) പ്രസ്തുത പദ്ധതി പ്രകാരം 2018-19 നാണ് സമ്പൂർണ്ണ വൈദ്യുതീകരണം രാജ്യമാകെ പൂർത്തീകരിക്കേണ്ടത്. |
| (ഡി) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ഡി) സംസ്ഥാനത്ത് 2017 മാർച്ചോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് . കേന്ദ്രസംസ്ഥാന സർക്കാറുകളുടെ വിവിധ പദ്ധതികളിലൂടെയും തദ്ദേശസ്വയം ഭരണ, പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുള്ള ഫണ്ട്, ജനപ്രതിനിധികൾക്ക് അനുവദിക്കുന്ന ഫണ്ട് (എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് (MLA ADF), Special Development Fund - (MLA SDF).എം.പി. മാരുടെ Local Area Development - (MP LAD) Fund തുടങ്ങിയവ) എന്നിവയും ബോർഡിന്റെ തനത് ഫണ്ടും ഉപയോഗിച്ചാകും ഇത് പൂർത്തിയാക്കുക. |

Hemalatha

**സെക്ഷൻ ഓഫീസർ.**